"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക്, മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.സി) വകുപ്പ്**

സ.ഉ.(കൈ) നം.148/2023/RD തീയതി,തിരുവനന്തപുരം, 28-06-2023

---

പരാമർശം:- കണ്ണൂർ ജില്ലാ കളക്ടറുടെ 12.6.2023 തീയതിയിലെ DCKNR/7394/2023-DM6 നമ്പർ കത്ത്.

**ഉത്തരവ്**

തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് 11.6.2023-നു മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക്, മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതാണെന്നും അർഹമായ സാമ്പത്തിക സഹായം അനുവദിക്കണമെന്നും ജില്ലാ കളക്ടർ പരാമർശ പ്രകാരം ശുപാർശ ചെയ്തു. ഓട്ടിസം ബാധിതനും ധർമടം സ്പെഷ്യൽ സ്കൂളിലെ വിദ്യാർഥിയുമായിരുന്നു നിഹാൽ എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി D. 230603950 എന്ന നമ്പറിൽ മരണപ്പെട്ട നിഹാലിന്റെ മാതാവ് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക്, മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് 10 ലക്ഷം രൂപ (പത്തുലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 10ലക്ഷം രൂപ (പത്തുലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും DBT വഴി അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൌണ്ട് ജനറൽ, ഓഡിറ്റ്, കേരള, തിരുവനന്തപുരം.
ധനകര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (27.6.2023-ലെ മന്ത്രിസഭായോഗതീരുമാനം ഇനം നം.1601 പ്രകാരം)
തദ്ദേശ സ്വയം ഭരണ വകുപ്പ് (അറിവിലേക്കായി)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
റവന്യൂ (ഡി.ആർ.എഫ്. എ/ബി) വകുപ്പുകൾ

ഉത്തരവിൻ പ്രകാരം

Signed by
Bindumol K N
Date: 30-06-2023 10:05:45
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-06-2023

ഫയൽ നം. 202/ഡി.ആർ.എഫ്.-സി1/2023/റവന്യൂ. ഇനം നം: 1601

വിഷയം : റവന്യൂ വകുപ്പ് - തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക്, മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഫാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. പത്ത് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

27/6

1601

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | 202/ഡി.ആർ.എഫ്.-സി1/2023/റവന്യൂ |
| 2. | വകുപ്പ് | റവന്യൂ (ഡി.ആർ.എഫ്.)-സി )വകുപ്പ്. |
| 3. | വിഷയം | റവന്യൂ വകുപ്പ് - തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക് മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26/06/2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. രാരി രാജൻ |
| 8. | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 26.06.2023 |

| | | |
|---|---|---|
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.06.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.06.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.06.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക് മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2 തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് നിഹാൽ 11/6/2023 ന് മരണപ്പെട്ടുവെന്നും ധനസഹായം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക് മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ ശ്രീമതി നുസൈഫ ബഹു മുഖ്യമന്ത്രി മുൻപാകെ അപേക്ഷ (D230603950) സമർപ്പിച്ചു.

3 11.06.2023 നു കണ്ണൂർ താലുക്ക് മുഴപ്പിലങ്ങാട് വില്ലേജിൽ എടക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ മുഴപ്പിലങ്ങാട് ബീച്ച് റോഡിൽ (എ കെ ജി റോഡ് ) കെട്ടിനകം പള്ളിക്ക് സമിപം ദാറുൽ റഹ്മാ വീട്ടിൽ നൌഷാദ് - നുസൈഫ ദമ്പതികളുടെ മൂത്ത മകൻ 11 വയസ്സുള്ള ഓട്ടിസം ബാധിച്ച നിഹാൽ എന്ന കുട്ടി വൈകിട്ട് 6 മണിയോടു കൂടി വീട്ടിൽ നിന്ന് പുറത്തേക്ക് ഓടിപ്പോവുകയും ആ സമയം മുതൽ വീട്ടുകാരും നാട്ടുകാരും തിരച്ചിൽ നടത്തുകയും ഉണ്ടായി എന്നും എന്നാൽ രാത്രി ഏറെ വൈകി എട്ട് മണിയോടുകൂടി കുട്ടിയെ ആളൊഴിഞ്ഞ ഒരു തെങ്ങിൻ തോപ്പിൽ തെരുവ് നായകൾ ആക്രമിച്ച് പരിക്കേൽപ്പിച്ച നിലയിൽ കണ്ടെത്തുകയാണുണ്ടായതെന്നും തുടർന്ന് കുട്ടിയെ ചാല ആസ്റ്റർ മിംസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല എന്നും കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ അയച്ചതായും റിപ്പോർട്ടിലുണ്ട് ധർമടം ജേസി സ്പെഷ്യൽ സ്കൂളിലെ വിദ്യാർഥിയായിരുന്നു നിഹാൽ.

4 നിഹാൽ എന്ന കുട്ടിയുടെ പിതാവ് (നൗഷാദ്) വിദേശത്ത് ബേക്കറിയിൽ ജോലി ചെയ്തു വരികയാണ് എന്നും ദമ്പതികൾക്ക് ഒരു ഇളയ ആൺകുട്ടി കൂടി ഉണ്ട് എന്നും ചെറുപ്രായത്തിൽ ഇളയ കുട്ടിക്ക് ഹൃദയ സംബന്ധമായ അസുഖങ്ങൾ ഉണ്ടായതായി

അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട് എന്നും വലിയ സാമ്പത്തിക ശേഷി ഇല്ലാത്ത കുടുംബമാണെന്നും കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

5 പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട കാര്യങ്ങൾ

തെരുവുനായ്ക്കളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക് മുഴപ്പിലങ്ങാട് വില്ലേജിലെ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര ?